പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5087 02.07.2013 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിൽ നിന്നും എസ്.സി./ എസ്.റ്റി, ബി.പി.എൽ വിഭാഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഗാർഹിക വൈദ്യുതി കണക്ഷൻ നല്കുന്നതുമായി ബന്ധപ്പെട്ട് മുൻപ് എസ്.സി/ എസ്.റ്റി. വിഭാഗങ്ങൾ, ബി.പി.എൽ. വിഭാഗങ്ങൾ ഇടങ്ങിയവർക്ക് നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ. | (എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, എസ്.സി /എസ്.റ്റി വിഭാഗത്തിൽപ്പെടുന്നവർ ഇടങ്ങിയവർക്ക് മുമ്പ് പ്രത്യേക മുൻഗണനയിൽ വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു. |
| (ബി) നിർത്തലാക്കിയത് എന്നുമുതലാണ് ഇതിന് കാരണമെന്ത്, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നയാളുകൾക്കും പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സൗജന്യമായി വൈദ്യുതി എത്തിക്കുന്നതിൽ എന്തെങ്കിലും പ്രത്യേക പരിഗണന നൽകുമോ; ഇല്ലെങ്കിൽ പഴയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) 31.03.2011 വരെ രജിസ്റ്റർ ചെയ്തിരുന്ന നോർമൽ സർവ്വീസ് കണക്ഷനുകൾ സർവ്വീസ് കണക്ഷൻ ചാർജ്ജ് മാത്രം ഈടാക്കി മുൻഗണനാക്രമത്തിൽ നൽകി വന്നിരുന്നു. എന്നാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08.09.2010 ലും 25.08.2011 ലും 10.11.2011 ലും പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം വൈദ്യുത കണക്ഷൻ നൽകുന്നതിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2005-ൽ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ കൃത്യമായി പാലിക്കണമെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലും 28.10.2011-ലെ |

(.....2)

ബോർഡ് ഉത്തരവ് പ്രകാരവും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വരെയും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി /എസ്.റ്റി വിഭാഗത്തിലുള്ളവരെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷൻ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

കൂടാതെ 1000 വാട്ട്സിനു താഴെ കണക്ട്ഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേക്ഷകർ, വികലാംഗർ, മാനസിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള അപേക്ഷകർ, കണക്ട്ഡ് ലോഡ് പരിധിയില്ലാതെ എസ്.സി /എസ്.റ്റി വിഭാഗത്തിലുള്ള അപേക്ഷകർ തുടങ്ങിയവർക്ക് (പോസ്റ്റുകൾ വേണ്ട ലൈൻ നീട്ടൽ ആവശ്യമുള്ളതുൾപ്പെടെ) സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനാവശ്യമായ ലൈൻ നീട്ടൽ പ്രവൃത്തി നടത്തുന്നതിനും

(. . . . 3)

എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്റ്റഡ് ലോഡ് പരിധിയില്ലാത്ത സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുമുള്ള നിർദ്ദേശം ഇപ്പോൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ